**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1684** **08-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഡിഗ്രി, പിജി കോഴ്സുകൾക്ക് സീറ്റ് വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ എത്ര സീറ്റുകൾ വീതം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നു; വിശദാംശം ലഭ്യമാക്കുമോ; | (എ) | 05.08.2021 ലെ സ.ഉ (സാധാ) 1011/21/ഉ.വി.വ ഉത്തരവ് പ്രകാരം ഡിഗ്രി ക്ലാസ്സുകളിൽ പരമാവധി 70 സീറ്റും പി.ജി ക്ലാസ്സുകളിൽ സയൻസിനു 25 സീറ്റും, ആർട്സ്, കോമേഴ്സ് വിഷയങ്ങൾക്ക് 30 സീറ്റും ആകാവുന്ന തരത്തിൽ സീറ്റുകൾ വർദ്ധിപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | സർക്കാർ കോളജുകളിൽ പുതിയ കോഴ്സുകൾ ഈ അധ്യയനവർഷം തുടങ്ങുന്നത് പരിഗണനയിലുണ്ടോ; ഏതെങ്കിലും ബിരുദ കോഴ്സുകളുടെ അധിക ബാച്ച് തുടങ്ങാൻ ആലോചിക്കുന്നുണ്ടോ; | (ബി) | 2021-22 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. |
| (സി) | മഞ്ചേശ്വരം താലൂക്കിലെ ഗോവിന്ദപൈ സ്മാരക സർക്കാർ കോളേജിൽ ബികോം കോഴ്സിന് അധിക ബാച്ച് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | 2021-22 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. |
| (ഡി) | മഞ്ചേശ്വരം ഗവൺമെന്റ് കോളേജിൽ പുതുതായി ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളേജിൽ പുതിയ ഡിഗ്രി, പിജി കോഴ്സുകൾ ഈ അധ്യയന വർഷം തുടങ്ങാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | 2021-22 അദ്ധ്യയനവർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ